**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6295** **20-03-2023 - ൽ മറുപടിയ്ക്ക്**

**ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിയ്ക്ക് അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിക്ക് അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ചെമ്പക്കാട് പട്ടികവർഗ്ഗ കോളനി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിച്ച് ബിൽ ലഭ്യമാകുന്ന മുറയ്ക്ക് ബിൽ പ്രകാരമുള്ള തുക അനുവദിക്കുന്നതാണ്. |
| (ബി) | പദ്ധതി നിർവ്വഹണത്തിനായി ചേർന്ന ഊരു കൂട്ടത്തിൽ കോളനിയിൽ വീടില്ലാത്ത കുടുംബങ്ങൾക്ക് മുൻഗണനാ പ്രകാരം വീട് നൽകാൻ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻ പ്രകാരം സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ ൽ 14 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിരുന്നു. ആയതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ